# ഹജ്ജിന്റെ പശ്ചാത്തലങ്ങൾ



പ്രവാചകൻ ഇബ്റാഹീം, അദ്ദേഹത്തിന്റെ ഭാര്യ ഹാജറ, പുത്രൻ ഇസ്മാഈൽ എന്നിവരുടെ ചരിത്രസ്മരണയിലൂടെയാണ് ഹജ്ജിന്റെ കർമ്മങ്ങൾ സജീവമാകുന്നത്. അത് അവഗണിച്ചും വിസ്മരിച്ചും ഹജ്ജ് അർഥപൂർണമാകുന്നില്ല.

**ഇറാ**ഖിലെ ഊറിലാണ് ഇബ്റാഹീംനബി ജനിച്ചത്. ചെറുപ്പത്തിൽ തന്നെ പിതാവ് മരണപ്പെട്ടിരുന്നു. പിന്നീട് പിതൃവ്യൻ ആസറാണ് അദ്ദേഹത്തെ പോറ്റിവളർത്തിയത്. (ആസർ അദ്ദേഹത്തിന്റെ പിതാവ് തന്നെയാണെന്ന് അഭിപ്രായമുണ്ട്.) പിതവേ എന്ന് തന്നെയാണ് അദ്ദേഹം ആസറിനെ വിളിച്ചിരുന്നത്. ആസർ നാട്ടിലെ പ്രധാന പൂജാരിയും ശിൽപിയുമായിരുന്നു. അക്കാലത്ത് ബിംബാരാധന വ്യാപകമായിരുന്നു.

പൂജാരിയും ശിൽപിയുമായിരുന്നതിനാൽ ആസറിന് സമൂഹത്തിൽ ഏറെ സ്ഥാനമുണ്ടായിരുന്നു. തന്മൂലം അദ്ദേഹത്തിന്റെ കുടുംബവും ഏറെ ആദരിക്കപ്പെട്ടു.

ബിംബാരാധനയുടെ സാമൂഹിക സാഹചര്യത്തിലാണ് ഇബ്റാഹീംനബി ജനിച്ചുവളർന്നത്. പക്ഷേ, ചെറുപ്പം തൊട്ടേ അദ്ദേഹത്തിന് ബിംബാരാധനയോട് ഏറെ വെറുപ്പായിരുന്നു. അത് ശരിയായ ദൈവാരാധനാരീതിയോ വിശ്വാസമോ അല്ലെന്ന് അദ്ദേഹത്തിന് ബോധ്യമായിരുന്നു. അതിനാൽ യുവാവായപ്പോഴും അദ്ദേഹം അതിൽനിന്ന് വിട്ടുനിന്നു. മാത്രമല്ല, സമൂഹം വെച്ചുപുലർത്തിയിരുന്ന ബഹുദൈവവിശ്വാസങ്ങളിൽനിന്നും അതിനനുസരിച്ച് അവർ രൂപം കൊടുത്ത ജീവിതരീതികളിൽ നിന്നും അദ്ദേഹം അകന്നുനിന്നു. ഈ സമീപനം വീട്ടുകാരെയും നാട്ടുകാരെയും ഒരുപോലെ നീരസപ്പെടുത്തി.

ധീരനും സദ്സ്വഭാവിയും സത്യസന്ധനുമായിരുന്നു ഇബ്റാഹീം.

യഥാർഥ ദൈവത്തെക്കുറിച്ച് അദ്ദേഹം ചിന്തിക്കാൻ തുടങ്ങി. സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയും അദ്ദേഹം മാറി മാറി നോക്കി. ആ സമൂഹം ആരോപിച്ചതുപോലെ അസ്തമിച്ചു പോകുന്ന അവയിൽ ദിവ്യത്വം ദർശിക്കാൻ അദ്ദേഹത്തിനായില്ല. ഒടുവിൽ അല്ലാഹു അദ്ദേഹത്തെ വഴികാണിച്ചു. ദൈവത്തെ തിരിച്ചറിഞ്ഞ ഇബ്റാഹീമിനോട് അല്ലാഹു കൽപ്പിച്ചു: ''സർവസ്വം എന്നിലർപ്പിച്ച് നീ മുസ്ലിമാവുക.'' അദ്ദേഹം അല്ലാഹുവിന്റെ മുമ്പിൽ തലകുനിച്ച് പറഞ്ഞു: ''ഞാനിതാ സർവസ്വം ലോകരക്ഷിതാവിൽ സമർപ്പിച്ച് അവനിൽ വിശ്വസിച്ചിരിക്കുന്നു.''

ദൈവം അദ്ദേഹത്തെ പ്രവാചകനായി തിരഞ്ഞെടുത്തു. ബഹുദൈവാരാധകരായ ആ സമൂഹത്തെ സംസ്കരിച്ചു അവരെ ഏകദൈവത്തിലേക്ക് ക്ഷണിക്കുന്നതി നായിരുന്നു അത്.

സ്വപിതാവും ഭരണാധികാരി നംറൂദും അടക്കമുള്ള സമൂഹത്തെ അദ്ദേഹം ഏകദൈവത്തിനുള്ള അടിമത്തത്തിലേക്ക് ക്ഷണിച്ചു.

തന്റെ പിതാവിനെ ഏറെ ഗുണകാംക്ഷയോടെ ഏകദൈവത്തിലേക്ക് ക്ഷണിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു:

''പിതാവേ, കാണുകയോ കേൾക്കുകയോ, താങ്കൾക്ക് ഒരു ഉപകാരവും ചെയ്യാത്ത ബിംബങ്ങൾക്ക് താങ്കൾ എന്തിനാണ് ആരാധനയർപ്പിക്കുന്നത്?''

നാട്ടിൽ സ്വാധീനമുള്ള വ്യക്തിയെന്ന നിലക്ക് തന്റെ പിതാവിനെ തന്നെ അദ്ദേഹം വിടാതെ കൂടി. ഗുണകാംക്ഷയോടെ, സദുപദേശത്തോടെ പിതാവിനെ ദൈവികസരണിയിലേക്ക് വിളിച്ചു. ഏകദൈവത്തിനുള്ള പല ദൃഷ്ടാന്തങ്ങളും അയാൾക്ക് കാണിച്ചുകൊടുത്തു. ബിംബാരാധനയുടെ അയുക്തികത ബോധ്യപ്പെടുത്തിക്കൊടുക്കാൻ ശ്രമിച്ചു.

എല്ലാം നിരാകരിച്ചുകൊണ്ട് ആസർ പറഞ്ഞു:

''ഇബ്റാഹീമേ, നീ എന്റെ ആരാധ്യന്മാരെ വെറുക്കുകയാണോ? ഇത് നീ അവസാനിപ്പിച്ചില്ലെങ്കിൽ ഞാൻ നിന്നെ കല്ലെറിഞ്ഞാട്ടും.''

കുറച്ചു നാളത്തെ ശ്രമം കൊണ്ട് തന്റെ ദൗത്യം അവസാനിപ്പിക്കാൻ അദ്ദേഹം തയാറായിരുന്നില്ല. അവരുടെ കണ്ണ്തുറപ്പിക്കും വിധം പലരീതിയിലും അദ്ദേഹം തന്റെ ക്ഷണം തുടർന്നു.

നക്ഷത്രങ്ങളെ പൂജിച്ചിരുന്ന ആളുകളും അദ്ദേഹത്തിനു ചുറ്റുമുണ്ടായിരുന്നു. പ്രത്യേകിച്ച് ഹർറാൻ നിവാസികൾ സൂര്യ-നക്ഷത്രാദികളെയാണ് ആരാധിച്ചിരുന്നത്. ഏഴ് നക്ഷത്രങ്ങൾ അവരിൽ പ്രസിദ്ധമായിരുന്നു. അവരുടെ നഗരകവാടങ്ങളിലൊക്കെ നക്ഷത്രങ്ങളെ കൊത്തിവെച്ചിരുന്നു. അവർ അവയോട് പ്രാർഥിക്കുകയും അവക്ക് നേർച്ചാവഴിപാടുകൾ അർപ്പി

ക്കുകയും ചെയ്തിരുന്നു. ആ ബഹുദൈവത്വത്തിൽനിന്ന് അവരെ രക്ഷിക്കാൻ അദ്ദേഹം പല വിധ ത്തിലും ശ്രമിച്ചു.

അതെപറ്റി ഖുർആൻ പ്രസ്താവിച്ചതിങ്ങനെ:

''അങ്ങനെ രാത്രി അദ്ദേഹത്തെ മൂടിയപ്പോൾ അദ്ദേഹം ഒരു നക്ഷത്രം കണ്ടു. അദ്ദേഹം പറഞ്ഞു: ഇതാ, എന്റെ രക്ഷിതാവ്. എന്നിട്ട് അതസ്തമിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: അസ്ത മിച്ചുപോകുന്നവരെ ഞാൻ ഇഷ്ടപ്പെടുന്നില്ല. അനന്തരം ചന്ദ്രൻ ഉദിച്ചുയരുന്നത് കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു: ഇതാ, എന്റെ രക്ഷിതാവ്. എന്നിട്ട് അതും അസ്തമിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവ് എനിക്ക് നേർവഴി കാണിച്ചുതന്നില്ലെങ്കിൽ തീർച്ചയായും ഞാൻ വഴിപിഴച്ച ജനവിഭാഗത്തിൽ പെട്ടവനായിത്തീരും. അനന്തരം സൂര്യൻ ഉദിച്ചുയരുന്നതായി കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു: ഇതാ, എന്റെ രക്ഷിതാവ്. ഇതാണ് ഏറ്റവും വലുത്. അ ങ്ങനെ അതും അസ്തമിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: എന്റെ സമുദായമേ, നിങ്ങൾ (ദൈവ ത്തോട്) പങ്ക് ചേർക്കുന്നതിൽ നിന്നെല്ലാം തീർച്ചയായും ഞാൻ ഒഴിവാകുന്നു. തീർച്ചയായും ഞാൻ നേർമാർഗത്തിൽ ഉറച്ചുനിന്നുകൊണ്ട് എന്റെ മുഖം ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ച വനിലേക്ക് തിരിച്ചിരിക്കുന്നു. ഞാൻ ബഹുദൈവവാദികളിൽ പെട്ടവനേഅല്ല.'' (അൽ അൻആം 76–78)

നക്ഷത്രപൂജകരെയും ബിംബാരാധകരെയും അദ്ദേഹം ഒരുപോലെ ഏകദൈവത്തിലേക്ക് ക്ഷണിച്ചു. ബിംബാരാധനയിലെ ബുദ്ധിരാഹിത്യത്തെപറ്റി അദ്ദേഹം അവരോട് വീണ്ടും വീണ്ടും സംസാരിച്ചു.

''കാണുകയോ കേൾക്കുകയോ ചെയ്യാത്തതും നിങ്ങൾക്കെന്തെങ്കിലും ഉപകാരമോ ഉപദ്ര വമോ ചെയ്യാനാകാത്തതുമായ ഈ ബിംബങ്ങളെ നിങ്ങൾ പൂജിക്കുന്നതെന്തിന്?'' പക്ഷേ, അതവരുടെ ഹൃദയങ്ങളിലേക്ക് ഇറങ്ങിച്ചെന്നില്ല.

''ഇബ്റാഹീമേ, ഞങ്ങളുടെ പിതാക്കന്മാർ അങ്ങനെ ചെയ്യുന്നതായാണ് ഞങ്ങൾ കണ്ടിട്ടു ള്ളത്.'' അവരുടെ മറുപടി അതായിരുന്നു.

ബിംബങ്ങളുടെ നിസ്സഹായത ആ സമൂഹത്തിന് ബോധ്യപ്പെടുവാനും അവരുടെ മനസ്സു കളിൽനിന്ന് അവയോടുള്ള പ്രതിപത്തി നീങ്ങുവാനും അവയെ നശിപ്പിക്കണമെന്ന് അദ്ദേഹം മനസ്സിലാക്കി. അതിന് ഒരവസരത്തിനായി അദ്ദേഹം കാത്തിരുന്നു.

❖❖❖

ബാബിലോണിലെ ഉത്സവദിനം. ആഘോഷ പരിപാടികൾ കാണാൻ തങ്ങളുടെ കൂടെ വരണമെന്ന് വീട്ടുകാർ ഇബ്റാഹീമിനോട് ആവശ്യപ്പെട്ടു.

''എനിക്ക് സുഖമില്ല''. അദ്ദേഹം അവരിൽനിന്ന് മാറിക്കളഞ്ഞു.

എല്ലാവരും ഉത്സവപ്പറമ്പിലേക്ക് പോയ തക്കംനോക്കി അദ്ദേഹം ബിംബങ്ങളുടെ ആലയ ത്തിലേക്ക് ചെന്നു. കൈയിൽ ഒരു മഴുവുമുണ്ടായിരുന്നു. പല വലുപ്പത്തിലുമുള്ള പ്രതിമകൾ അവിടെ സ്ഥാപിച്ചിരുന്നു. അവയുടെയൊക്കെ മുമ്പിൽ ഭക്ഷണവുമുണ്ടായിരുന്നു; ആ ജനത അവയുടെ മുമ്പിൽ അർപ്പിച്ച നിവേദ്യങ്ങൾ.

''എന്താ, നിങ്ങൾ ഇതൊന്നും കഴിക്കുന്നില്ലേ?'' അദ്ദേഹം തിരക്കി. മറുപടി പ്രതീക്ഷിച്ചാ യിരുന്നില്ല ആ ചോദ്യം.

''എന്താ, നിങ്ങൾ മിണ്ടാത്തത്?'' ചോദ്യം ചോദിച്ചതും അദ്ദേഹം തന്റെ ജോലി തുടങ്ങി. ബിംബങ്ങളിൽ വലുതിനെ ഒഴിവാക്കി ബാക്കിയെല്ലാറ്റിനെയും വെട്ടിനുറുക്കി. എന്നിട്ട് മഴു വലിയ ബിംബത്തിന്റെ ചുമലിൽ തൂക്കി അദ്ദേഹം സ്ഥലം വിട്ടു.

ഉത്സവം കഴിഞ്ഞു ജനം തങ്ങളുടെ ബിംബങ്ങളുടെ അടുത്തേക്ക് തിരിച്ചെത്തി. വെട്ടി നുറുക്കപ്പെട്ട ആരാധ്യരെ കണ്ട് അവർ വലിയ വായിൽ നിലവിളിച്ചു.

''ആരാണ് ഇത് ചെയ്തത്?'' പരിഭ്രമത്തോടെ അവർ പരസ്പരം ചോദിച്ചു.

വിവരം നംറൂദും അറിഞ്ഞു.

''ആരാണ് ഈ പാതകം ചെയ്തത്?'' ഏറെ ദേഷ്യത്തോടെ അയാൾ അലറി. അപ്പോഴാണ് ചിലർക്ക് ഇബ്റാഹീമിന്റെ ബിംബവിരോധത്തെപ്പറ്റി ഓർമവന്നത്. അവർ നംറൂദിനോട് പറഞ്ഞു:

''തിരുമനസ്സേ, ഇബ്റാഹീം എന്നു പേരുള്ള ഒരു യുവാവ് ബിംബങ്ങളെ കെടുത്തു പറയു ന്നത് ഞങ്ങൾ കേട്ടിട്ടുണ്ട്. ചിലപ്പോൾ അവനായിരിക്കും ഇപ്പണി ചെയ്തത്.''

''എങ്കിൽ അവനെ പിടിച്ചുകൊണ്ടുവരിക.''

പട്ടാളവും ജനങ്ങളും ഇബ്റാഹീമിനെ പിടിച്ചു നംറൂദിന്റെ മുമ്പിൽ ഹാജരാക്കി. വീണു ടഞ്ഞു കിടക്കുന്ന അവരുടെ ആരാധ്യരെ കണ്ട് അദ്ദേഹത്തിന് ചിരി വന്നു.

''ഇബ്റാഹീം, നീയാണോ ഈ ദൈവങ്ങളെ നശിപ്പിച്ചത്?''

ഗൗരവത്തോടെ നംറൂദ് ചോദിച്ചു.

തന്ത്രപൂർവമായിരുന്നു അദ്ദേഹത്തിന്റെ ഉത്തരം. ചുമലിൽ കോടാലി തൂക്കി നിൽക്കുന്ന ബിംബത്തെ ചൂണ്ടി അദ്ദേഹം പറഞ്ഞു:

''അവനായിരിക്കും ഇപ്പണി ചെയ്തിട്ടുണ്ടാവുക. കണ്ടില്ലേ, ചുമലിൽ മഴു. അവ സംസാരിക്കുമെങ്കിൽ അവരോട് തന്നെ ചോദിച്ചുനോക്കുക.''

ഉത്തരം കേട്ട് അവരൊന്ന് ഞെട്ടി. ബിംബങ്ങൾ എങ്ങനെ സംസാരിക്കാനാണ്? സത്യത്തിൽ നാം തന്നെയാണ് അക്രമികൾ. അവർ അൽപനേരം തല താഴ്ത്തിനിന്നു.

ഉത്തരമില്ലാതെ അവർ വിഷണ്ണരായി.

പെട്ടെന്ന് ബോധോദയം ഉണ്ടായതുപോലെ അവർ ഇബ്റാഹീമിന്റെ നേരെ തിരിഞ്ഞു: ''ഇബ്റഹീമേ, നിനക്കറിയില്ലേ, അവ സംസാരിക്കുകയില്ലെന്ന്?''

അദ്ദേഹം അവരോട് തിരക്കി: ''എന്നിട്ട് നിങ്ങൾക്ക് ഉപകാരവും ഉപദ്രവവും ചെയ്യാത്ത അവറ്റയേയാണോ ഏകനായ അല്ലാഹുവിനെക്കൂടാതെ നിങ്ങൾ ആരാധിക്കുന്നത്? നിങ്ങൾക്കും അല്ലാഹുവിനെക്കൂടാതെ നിങ്ങൾ ആരാധിക്കുന്നവക്കും സകല നാശവും. നിങ്ങൾ ഒട്ടും ചിന്തിക്കുന്നില്ലേ?''

ആ ചോദ്യത്തിന് മറുപടി പറയാതെ അവർ അലറിവിളിച്ചു:

''നിങ്ങൾ അവനെ ചുട്ടുകൊല്ലുക. നിങ്ങളുടെ ആരാധ്യരെ സഹായിക്കുവിൻ.''

എത്ര വിചിത്രമായിരിക്കുന്നു കാര്യങ്ങൾ? ബിംബങ്ങളുടെ കഴിവുകേട് വ്യക്തമായിട്ടും അതംഗീകരിക്കാൻ അവരുടെ ദുർബുദ്ധി അവരെ അനുവദിച്ചില്ല. അല്ല, പിശാച് അവരെ അനുവദിച്ചില്ല.

കുറ്റവാളിയായ ഇബ്റാഹീമിനെ ചുട്ടുകൊല്ലുന്നതിന് അവർ വലിയ കിടങ്ങ് കുഴിച്ചു. വലിയ മരങ്ങൾ വെട്ടിമുറിച്ചു അതിൽ നിറച്ചു. കിടങ്ങിന് ഏതാണ്ട് അടുത്തായി ഒരു തെറ്റാലിയും സ്ഥാപിച്ചു. വിറകിന് തീ കൊളുത്തി അവർ ഇബ്റാഹീമിനെ തീക്കുണ്ഡത്തിനടുത്തേക്ക് കൊണ്ടുവന്നു. തീ ആളിക്കത്തിയതോടെ അവർ അദ്ദേഹത്തെ തെറ്റാലിയിൽ കിടത്തി അഗ്നികുണ്ഡത്തിലേക്കെറിഞ്ഞു.

ഇബ്റാഹീം തീയിൽ വീണു. ജനം സന്തോഷത്തോടെ ആർത്തുവിളിച്ചു.

ദൈവത്തിന്റെ അപാരമായ കഴിവ് ജനത്തിനുള്ള ദൃഷ്ടാന്തമായി അനാവരണം ചെയ്യപ്പെടുന്ന നിമിഷങ്ങളിൽ ഒന്ന്. അൽപം പോലും പോറലേൽക്കാതെ അദ്ദേഹം തീക്കുണ്ഡത്തിൽനിന്ന് പുറത്തേക്ക് വന്നു. ജനം അത്ഭുതപ്പെട്ടു.

ഒന്നും സംഭവിക്കാത്തതു പോലെ അദ്ദേഹം അവർക്കിടയിലൂടെ നടന്നുനീങ്ങി.

## നംറൂദിന്റെ അടുക്കൽ

ഇബ്റാഹീമിനെക്കുറിച്ച് ഭരണാധികാരി നംറൂദിന് അകമേ ഭയമുണ്ടായിരുന്നു.

ഒരിക്കൽ പ്രവാചകൻ അവന്റെ കൊട്ടാരത്തിലേക്ക് കയറിച്ചെന്നു.

''നീ ഒരു പുതിയ ദൈവത്തിലേക്ക് ആളുകളെ ക്ഷണിക്കുന്നതായി കേട്ടല്ലോ ഇബ്റാഹീം. എങ്ങനെയുള്ളവനാണ് നിന്റെ ദൈവം?''

''ഞാൻ പുതിയ ദൈവത്തിലേക്കല്ല ആളുകളെ ക്ഷണിക്കുന്നത്. ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്ന എന്റെ രക്ഷിതാവിലേക്കാണ് ഞാൻ നിങ്ങളെ ക്ഷണിക്കുന്നത്.''

''അതാണോ വലിയ കാര്യം? അതൊക്കെ ഞാനും ചെയ്യുമല്ലോ. നീ നോക്കിക്കോ.'' രാജാവ് രണ്ട് തടവുകാരെ ഹാജറാക്കാൻ കൽപ്പിച്ചു. തടവുപുള്ളികളിൽ ഒരാളെ വധിക്കുകയും അപരനെ വെറുതെ വിടുകയും ചെയ്ത് അയാൾ പറഞ്ഞു:

''ഇപ്പോൾ നിനക്ക് മനസ്സിലായോ, നിന്റെ ദൈവം ചെയ്യുന്ന ജോലി ഞാനും ചെയ്യുമെന്ന്.''

''എന്റെ നാഥൻ സൂര്യനെ കിഴക്കുനിന്ന് ഉദിപ്പിക്കുന്നവനും പടിഞ്ഞാറ് അസ്തമിപ്പിക്കുന്നവനുമാകുന്നു. അങ്ങ് അതൊന്ന് പടിഞ്ഞാറുനിന്ന് ഉദിപ്പിക്ക്.''

ആ വെല്ലുവിളിക്കു മുമ്പിൽ അവൻ പരാജയമടഞ്ഞു തലകുനിച്ചു.

ജനം ദൈവമായി പൂജിക്കുന്ന സൂര്യൻ ഏകദൈവത്തിന്റെ മാത്രം നിയന്ത്രണത്തിന് വിധേയമാണെന്ന് രാജാവിന്റെ ബോധ്യപ്പെടുത്തുകയായിരുന്നു അദ്ദേഹം.

അദ്ദേഹത്തിന്റെ പ്രബോധനം കേട്ടിരിക്കുകയായിരുന്നില്ല ജനം. ശക്തമായ പ്രതിരോധം തന്നെ അവർ അദ്ദേഹത്തിനെതിരെ നടത്തി. ഭയങ്കരമായ മർദ്ദനങ്ങൾ അദ്ദേഹത്തിനെതിരെ അഴിച്ചു വിട്ടു. ഒടുവിൽ അദ്ദേഹം ഇങ്ങനെ പ്രഖ്യാപിച്ചു: ''ഞാൻ ആകാശഭൂമികളെ സൃഷ്ടിച്ചവനാരോ അവന് സർവസ്വം അർപ്പിച്ചിരിക്കുന്നു. ഞാൻ മറ്റൊന്നിനെയും അല്ലാഹുവിൽ പങ്ക് ചേർക്കുന്നവനേയല്ല.''

ജനം അദ്ദേഹത്തിന് ശത്രുക്കളായി. നാട്ടുകാർ മാത്രമല്ല, വീട്ടുകാരും അദ്ദേഹത്തിനെതിരായിരുന്നു. ഭാര്യ സാറയും ഒരു സഹോദരപുത്രൻ ലൂത്തും മാത്രമായിരുന്നു അദ്ദേഹത്തിന് പിന്തുണയേകിയിരുന്നത്.

തന്റെ പ്രബോധനകൃത്യത്തിന് യോജിച്ച ഇടവും തേടി പലായനം ചെയ്യാൻ അദ്ദേഹം തീരുമാനിച്ചു. ജനിച്ചുവളർന്ന നാട് അദ്ദേഹത്തെ അത്രകണ്ട് എതിർത്തിരുന്നു. യാത്രക്കുള്ള ഒരുക്കങ്ങൾ പൂർത്തിയായപ്പോൾ അദ്ദേഹം നേരെ തന്റെ പിതാവിന്റെ അടുത്തേക്ക് ചെന്നു. യാത്രപറയുകയായിരുന്നില്ല, പിതാവിനെ ഒന്നും കൂടി ഏകദൈവത്തിലേക്ക് ക്ഷണിക്കുകയായി രുന്നു ലക്ഷ്യം.

''എന്റെ പിതാവേ, നിങ്ങൾക്ക് ഒരു ഉപകാരമോ ഉപദ്രവമോ ചെയ്യാത്ത ബിംബങ്ങളെ നിങ്ങൾ എന്തിനാണ് ആരാധിക്കുന്നത്? നിങ്ങൾക്ക് കിട്ടിയിട്ടില്ലാത്ത ദിവ്യബോധനം എനിക്ക്

ദൈവത്തിങ്കൽനിന്ന് ലഭിച്ചിരിക്കുന്നു. അതിനാൽ ഈ ബിംബാരാധന വെടിഞ്ഞ് എന്നെ പിന്തുടരുക. പിതാവേ, അങ്ങ് പിശാചിനെ പിന്തുടരാതിരിക്കുക. ദൈവത്തെ ധിക്കരിച്ചവനാണവൻ. അവനെ പിന്തുടർന്നു ജീവിച്ചാൽ അങ്ങയെ മാരകമായ ശിക്ഷ പിടികൂടുമെന്ന് ഞാൻ ഭയപ്പെടുന്നു.''

ആസർ ദേഷ്യത്തോടെ പറഞ്ഞു: ''ഇബ്റാഹീമേ, നീ എന്റെ ആരാധ്യരെ തള്ളിക്കളയുകയാണെങ്കിൽ ഞാൻ നിന്നെ കല്ലെറിഞ്ഞാട്ടിക്കളയും. ഓർമിച്ചോ.''

''പിതാവേ, അങ്ങക്ക് സലാം. അങ്ങക്ക് പൊറുത്തുതരുവാൻ ഞാൻ എന്റെ നാഥനോട് പ്രാർഥിക്കാം. അവൻ പൊറുത്തുത രുന്നവനാണ്.''

അദ്ദേഹം പിന്നെ അവിടെ നിന്നില്ല.

സ്വന്തം ആദർശത്തിനു വേണ്ടി ജനിച്ചുവളർന്ന നാടും വീടും കുടുംബവും ഉപേക്ഷിച്ചു അദ്ദേഹം അവിടെ നിന്ന് യാത്രയായി.

ഇബ്റാഹീംനബി തന്നിൽ അർപ്പിതമായ ദൈവികദൗത്യം നിർവഹിക്കുന്നതിനു വേണ്ടിയായിരുന്നു ദേശത്യാഗം ചെയ്തത്. ഹജ്ജിനു വേണ്ടി ഒരുങ്ങിത്തിരിക്കുന്ന ഒരാൾ തന്റെ തൽബിയത്തിലൂടെ ഏറ്റുപറയുന്നതും അതുതന്നെയാണ്.

## പ്രബോധന യാത്ര



ഇബ്റാഹീം നബിയുടെ പലായനം

ഭാര്യ സാറയേയും സഹോദരപുത്രൻ ലൂത്വിനെയും കൂട്ടി അദ്ദേഹം നാടുവിട്ടിറങ്ങി. ബാബിലോണിയയിലേക്കാണ് അദ്ദേഹം ആദ്യം പോയത്. അവിടെനിന്ന് ഹർറാത്തിലേക്കു പോയി.

അവിടെനിന്ന് ട്രാൻസ്ജോർഡാനിൽ വന്നു. വലിയ വാണിജ്യ കേന്ദ്രമായിരുന്നു അവിടെ. ലൂത്വിനെ അവിടെ താമസിപ്പിച്ചു. ജനങ്ങളെ ഏകദൈവത്തിനുള്ള ദാസ്യത്തിലേക്ക് ക്ഷണിക്കുകയായിരുന്നു ലക്ഷ്യം.

തുടർന്ന് അദ്ദേഹം ഭാര്യ സാറയേയും കൂട്ടി ഫലസ്തീനിലേക്ക് പോയി. പ്രബോധന പ്രവർത്തനങ്ങളുമായി അദ്ദേഹം കുറെ കാലം അവിടെ കഴിച്ചുകൂട്ടി.

അക്കാലത്ത് അദ്ദേഹത്തിന് സന്താനങ്ങളൊന്നും ഉണ്ടായിരുന്നില്ല. ഈ യാത്രയിലൊന്നും ആവശ്യമായ വിഭവങ്ങളൊന്നും അദ്ദേഹത്തിന്റെ പക്കലുണ്ടായിരുന്നില്ല. വല്ലതും സമ്പാദിക്കണമെന്ന മോഹവും അദ്ദേഹത്തിണ്ടായിരുന്നില്ല.

കുറച്ചു കാലത്തെ ഫലസ്തീൻ വാസത്തിനു ശേഷം പ്രബോധനപ്രവർത്തനങ്ങൾക്കായി അദ്ദേഹം ഈജിപ്തിലേക്ക് പോയി. ഇറാഖ് കഴിഞ്ഞാൽ അതായിരുന്നു അക്കാലത്തെ വലിയ നാഗരിക രാജ്യം. ഈജിപ്ത് വാസത്തിനിടയിലാണ് ഹാജറ അദ്ദേഹത്തിന്റെ ജീവിതത്തിലേക്ക് കടന്നുവന്നത്. അവിടത്തെ ഭരണാധികാരി ഫറോവയുടെ വംശത്തിൽപെട്ടവളായിരുന്നു ഹാജറ. ഇബ്റഹീം നബിയോടുള്ള പ്രത്യേക സ്നേഹം മുൻനിറുത്തി, അദ്ദേഹത്തിന്റെ പരിചരണത്തിനായാണ് അയാൾ സുന്ദരിയും ഉന്നതകുലജാതയുമായ ഹാജറയെ അദ്ദേഹത്തിന് നൽകിയത്. അവരുടെ പരിചരണത്തിനായി വേറെയും അടിമകളെ അയാൾ നൽകുകയുണ്ടായി.

(ചിലർ ഇസ്രാഈലീ കഥകളെ അവലംബിച്ചു ഹാജറ കറുത്തവളും അടിമയുമായിരുന്നു എന്ന് എഴുതുകയും പറയുകയും ചെയ്യാറുണ്ട്. അത് ശരിയല്ല. ഇസ്മാഈല്യരെ –മുസ്‌ലിംകളെ– തരംതാഴ്ത്താൻ കൃസ്ത്യാനികൾ പറഞ്ഞുണ്ടാക്കിയ ദുരാരോപണമാണത്.) (ദൈവമാണ് ഏറെ അറിയുന്നവൻ)

അന്ന് അദ്ദേഹത്തിന് 90ൽ അധികം പ്രായമുണ്ടായിരുന്നു. അദ്ദേഹമാകട്ടെ, സന്താനങ്ങളില്ലാത്ത പ്രയാസത്തിലുമായിരുന്നു.

ഇക്കാലമത്രയും ഇബ്റാഹീം നാടുകൾ തോറും നടന്ന് ജനത്തെ ഏകദൈവത്തിലേക്ക് ക്ഷണിക്കുകയും അവരുടെ വിമോചനത്തിനായി പൊരുതുകയുമായിരുന്നു. അല്ലാഹുവിനെ അകമഴിഞ്ഞു സ്നേഹിക്കുകയും അവനു വേണ്ടി എല്ലാം ത്യജിക്കുകയും സഹിക്കുകയും ചെയ്യുകയായിരുന്നു അദ്ദേഹം. ജീവിതത്തിൽ ഒരിക്കൽ പോലും വിശ്രമം എന്തെന്നറിയാതെ ദൈവികമാർഗത്തിൽ അദ്ധ്വാനിക്കുകയായിരുന്നല്ലോ ആ മഹാൻ. അതിനാൽ തന്നെ അല്ലാഹു അദ്ദേഹത്തെ തന്റെ ഖലീൽ ആയി തിരഞ്ഞെടുക്കുകയുണ്ടായി.

## മക്കയിലേക്ക്

മക്കളൊന്നുമില്ലാതിരുന്ന സാറക്ക് അക്കാര്യത്തിൽ തന്റെ ഭർത്താവിനുണ്ടായിരുന്ന മനോവേദനന ന്നായി അറിയാമായിരുന്നു. ആ ആഗ്രഹം ഹാജറയിലൂടെ നടപ്പാക്കാനുള്ള തന്റെ തീരുമാനം അവർ ഭർത്താവിനോട് പറഞ്ഞു. ആയിടക്ക് തന്റെ മനോവേദന അദ്ദേഹം അല്ലാഹുവിനോട് തുറന്നുപറഞ്ഞു. പ്രാർഥന സ്വീകരിച്ച അല്ലാഹു അദ്ദേഹത്തിന് ഒരു കുഞ്ഞിനെ സംബന്ധിച്ച സുവാർത്തയറിയിച്ചു. താമസിയാതെ ഹാജറയിൽ ഇസ്മാഈൽ ജനിച്ചു.

അധികം താമസിയാതെ അതിനിടയിൽ മക്കയിലെ സംസമിന്റെ സ്ഥാനത്ത്, പുരാതന ഗേഹത്തിനടുത്തായി ഹാജറയേയും മകനേയും താമസിപ്പിക്കുവാൻ അല്ലാഹു ദൈവദൂതരോട് കൽപ്പിച്ചു. ഒരുപക്ഷേ, കുടുംബപരമായ സാഹചര്യങ്ങളും അതിന് നിമിത്തമായിട്ടുണ്ടാകാം. നമ്മെ സംബന്ധിച്ചിടത്തോളം പുതിയ ഒരു ജനതയുടെ പിറവിക്ക് നിമിത്തമാകുമാറ് ഹാജറ പലായനം ചെയ്യേണ്ടത് അനിവാര്യമായിരുന്നു. അതായിരുന്നു ദൈവിക കൽപന. അവരിലൂടെ ഉന്നതരായ പ്രവാചകന്മാരും ജനതയും പിറക്കേണ്ടതുണ്ടായിരുന്നു. അവർ ദൈവികഭവനത്തിന്റെ അവകാശികളാകണമായിരുന്നു. അല്ലെങ്കിൽ പിന്നെ കുലീനതയും ആഭിജാത്യവും രാജാത്വവുമുള്ള ഒരു വനിതയെ ഇബ്റാഹീം നബിക്ക് പത്നിയാക്കിക്കൊടുക്കുകയും അദ്ദേഹത്തിന്റെ വാർദ്ധക്യത്തിൽ ഇസ്മാഈലിനെ നൽകുകയും ഒടുവിൽ അവരെ കഅ്ബയുടെ അടുത്ത് താമസിപ്പിക്കുവാൻ കൽപ്പിക്കുകയും ചെയ്തതിന്റെ യുക്തി എന്തായിരിക്കും?

ദൈവകൽപനയെ തുടർന്ന് ഇബ്റാഹീംനബി ഹാജറയെയും കൈക്കുഞ്ഞ് ഇസ്മാഈലിനെയും മക്കയിലെ മരുഭൂമിയിൽ കൊണ്ടുവന്നു താമസിപ്പിച്ചു. അന്നവിടെ കഅ്ബയുടെ മലവെള്ളത്തിൽ നശിച്ച ചില അവശിഷ്ടങ്ങളുണ്ടായിരുന്നു. പിൽക്കാലത്ത് അതിന്മേലാണ് ഇബ്റാഹീമും ഇസ്മാഈലും കഅ്ബ പണിതുയർത്തിയത്. (അല്ലഹു അഅ്ലം). ജലമോ കൃഷിയോ അവിടെ ഉണ്ടായിരുന്നില്ല. വലിയ കരിമ്പാറകൾ നിറഞ്ഞ മലകളുള്ള മരുഭൂമി. ജീവന്റെ ചെറിയ അംശം പോലും ആ തപിച്ച മരുഭൂമിയിൽ ഉണ്ടായിരുന്നില്ല. തികച്ചും അപരിചിതമായ മണ്ണ്.

ചെറിയ ഒരു കുന്നിനടുത്തുള്ള ഒരു മരച്ചുവട്ടിൽ ഹാജറയെയും ഇസ്മാഈലിനെയും നിർത്തി ഇബ്റാഹീംനബി അവരോടൊപ്പം ഒരിടത്തിരുന്ന അൽപം വിശ്രമിച്ചു. പിന്നീട് യാത്രപോകാനായി തയാറെടുത്തു. കൈയിലുണ്ടായിരുന്ന സഞ്ചി അദ്ദേഹം ഹാജറയെ ഏൽപിച്ചു. അതിൽ ഒന്നിൽ അൽപം വെള്ളവും മറ്റൊന്നിൽ കാരക്കയുമായിരുന്നു. യാത്രയിൽ അവർ കഴിച്ചതിന്റെ ബാക്കി.

മുന്നോട്ട് നടക്കാനാരംഭിച്ച ഭർത്താവിന്റെ കൂടെ ചെന്ന് ഹാജറ ചോദിച്ചു:

''ഞങ്ങളെ ഇവിടെ തനിച്ചാക്കി നിങ്ങൾ എവിടെ പോവുകയാണ്?''

അപരിചിതവും അപകടകരവുമായ മരുഭൂമിയിൽ തങ്ങളെ തനിച്ചാക്കി അദ്ദേഹം തിരിച്ചു പോകുമെന്ന് അവർ കരുതിയിരിക്കില്ല.

അദ്ദേഹം ഉത്തരമൊന്നും പറയാതെ തന്റെ നടത്തം തുടർന്നു. ഹാജറ തന്റെ ചോദ്യം ആവർത്തിച്ചു. അപ്പോഴും അദ്ദേഹം മൗനം പാലിച്ചതേയുള്ളൂ.

''അല്ലാഹു കൽപിച്ചതു കൊണ്ടാണോ ഞങ്ങളെ ഇവിടെ ഉപേക്ഷിച്ചു അങ്ങ് പോകുന്നത്?'' ഹാജറ ചോദിച്ചു.

''അതെ.'' അപ്പോൾ മാത്രം ഇബ്റാഹീം മറുപടി നൽകി. സ്വന്തം കുഞ്ഞിനെയും ഭാര്യയെയും ആരുമില്ലാത്ത മരുഭൂമിയിൽ ഉപേക്ഷിച്ചു പോകുന്നതിലെ അദ്ദേഹത്തിന്റെ മനോവേദന എങ്ങനെ പുറത്ത് പറയും.


'''എങ്കിൽ അല്ലാഹു ഞങ്ങളെ കൈവെടിയുകയില്ല.'' തന്റെ കൈയിൽ മലർന്നു കിടക്കുന്ന കുഞ്ഞ് ഇസ്മഈലിനെ നോക്കി ഹാജറ പറഞ്ഞു.

മനോധൈര്യത്തോടെ അവർ മരച്ചുവട്ടിൽ വന്ന് ഇരിപ്പുറപ്പിച്ചു. വെയിൽ കത്തിപടരുകയായിരുന്നു. രാത്രി ഈ വിജനതയിൽ തനിച്ച് എന്തു ചെയ്യും, കൈയിലുള്ള വെള്ളവും ഭക്ഷണവും തീർന്നാൽ എന്തു ചെയ്യും എന്നീ ചിന്തകൾ ഹജറയുടെ മനസ്സിനെ പ്രയാസപ്പെടുത്തിയിരിക്കാം. പക്ഷേ, ഏറെ സഹിക്കുകയും ക്ഷമിക്കുകയും ചെയ്യുന്നവളായിരുന്നു ഹാജറ.

ഇബ്റാഹീം നടന്നകലുകയായിരുന്നു. കുന്നുകൾക്കപ്പുറം മറഞ്ഞതോടെ അദ്ദേഹം തന്റെ മനം അല്ലാഹുവിന്റെ മുമ്പിൽ തുറന്നുവെച്ചു:

''നാഥാ, എന്റെ സന്താനങ്ങളിൽ ചിലരെ നിന്റെ വിശുദ്ധ ഭവനത്തിനരികിൽ, കൃഷിയൊന്നുമില്ലാത്ത താഴ്വരയിൽ ഞാൻ താമസിപ്പിച്ചിരിക്കുന്നു. അവർ നമസ്കാരം നിലനിറുത്തുന്നതിനു വേണ്ടിയാണത്. ജനങ്ങളുടെ ഹൃദയങ്ങളെ നീ അവരിലേക്ക് താഴ്ത്തേണമെ. നീ അവർക്ക് ഭക്ഷണം നൽകുകയും ചെയ്യേണമെ. അവർ നന്ദിയുള്ളവരായേക്കാം.''

## സംസം



ഇബ്റാഹീം നബി ഹാജറയെയും പുത്രനെയും മക്കയിൽ താമസിപ്പിച്ച സ്ഥലം. കഅ്ബയുടെ ചെറിയ അവശിഷ്ടവും കാണാം. (ഭാവന)

ഹാജറ തന്റെ മകനോടൊപ്പം മരുഭൂമിയുടെ വിജനതയിൽ തനിച്ച് കഴിച്ചുകൂട്ടി. അവരല്ലാത്ത മനുഷ്യരൊന്നും ആ മരുഭൂമിയിൽ ഉണ്ടായിരുന്നില്ല.

വളരെ സൂക്ഷിച്ചു ഉപയോഗിച്ചിട്ടും കൈയിലുണ്ടായിരുന്ന വെള്ളവും ഈത്തപ്പഴവും തീരാറായി. തീർന്നാൽ എന്തു ചെയ്യുമെന്ന ഭയം അവർക്കുണ്ടായിരുന്നു. രണ്ട് ദിവസം കൊണ്ട് ഭയപ്പെട്ടതു തന്നെ സംഭവിച്ചു. കുടിവെള്ളവും ഈത്തപ്പഴവും തീർന്നു. പരിസരത്ത് സഹായത്തിനായി ആരുമില്ല.

കുഞ്ഞ് വിശന്നുകരയുമ്പോൾ അമ്മിഞ്ഞ വായിലിട്ടുകൊടുത്ത് ഹാജറ അവന്റെ കരച്ചിലടക്കും. ഭക്ഷണം തീർന്നതോടെ ഹാജറയുടെ മുലപ്പാലും തീർന്നു. അതോടെ കുഞ്ഞ് വിശന്നു കരയാനാരംഭിച്ചു.

ഉഷ്ണം കഠിനമാകുംതോറും ദാഹവും കൂടിക്കൊണ്ടിരുന്നു. കുഞ്ഞിന്റെ കാര്യമോർത്ത് ഹാജറക്ക് ചങ്കിടിപ്പേറി.

വെയിൽ ചൂടുപിടിച്ചതോടെ കുഞ്ഞ് കരയാനാരംഭിച്ചു. എന്തു ചെയ്യുമെന്നറിയാതെ ഹാജറ നന്നേ പ്രയാസപ്പെട്ടു. കുഞ്ഞിന്റെ കരച്ചിൽ എത്ര നേരം സഹിക്കും. അവർക്കാണെങ്കിൽ നല്ല ദാഹവും അനുഭവപ്പെടുന്നുണ്ടായിരുന്നു. അവർ അറിയാതെ അവിടെനിന്നെഴുന്നേറ്റു നടന്നു. ആരെങ്കിലും അതുവഴി വരുന്നുണ്ടോ എന്നറിയാനായി അവർ ചുറ്റും നോക്കി. ഉയർന്നുനിൽക്കുന്ന മലകൾക്കപ്പുറം എന്ത് കാണാൻ?

അവർ വേഗം സഫയുടെ മുകളിൽ കയറി ചുറ്റും നോക്കി. വല്ലവരും അതുവഴി വരുന്നുണ്ടോ? ഇല്ല. വിവശതയോടെ അവർ സഫയുടെ താഴ്‌വാരത്തിലേക്ക് തന്നെ ഓടിയിറങ്ങി. അവിടെയും ആരെയും കാണാനാകാതെ അവർ മർവയുടെ മുകളിലേക്ക് ഓടിക്കയറി. വല്ല യാത്രാസംഘവും അതുവഴി വരുന്നുണ്ടോ? അവർ ചുറ്റും നോക്കി. കണ്ണെത്തും ദൂരത്തൊന്നും ആരെയും അവർക്ക് കാണാനായില്ല. വീണ്ടും അവർ താഴ്‌വാരത്തിലേക്ക് തന്നെ ഓടിയിറങ്ങി. തപിച്ച മരുഭൂമിയിൽ ഒരു തുള്ളി ജലത്തിനായി അവർ പരവശതയോടെ പല തവണ സഫ-മർവ കുന്നുകൾ കയറിയിറങ്ങി. ആ സമയത്ത് അവരുടെ മനസ്സിലെ വിവശത എത്രമാത്രമുണ്ടായിരിക്കാമെന്ന് നമുക്ക് എങ്ങനെ ഉൾക്കൊള്ളാനാകും? ദാഹജലത്തിന് ഒരു വഴിയും കാണാതെ അവർ കുഞ്ഞിന്റെ അരികിലേക്ക് തിരിച്ചെത്തി. അത്ഭുതം, അവൻ കാലിട്ടടിച്ച ഭാഗത്തുനിന്നും തെളിനീർ നിർഗളിക്കുന്നുണ്ടായിരുന്നു.

ഉറവയെടുത്ത കുഴിയിൽനിന്നും അത് ചുറ്റും പരന്നൊഴുകാൻ തുടങ്ങി. അത് ഒഴുകിപ്പോകാൻ പാടില്ല. അവർ ധൃതിപ്പെട്ട് ''സം, സം'' (അടങ്ങ്, അടങ്ങ്) എന്നു പറഞ്ഞ് കല്ലും മണ്ണും വാരി അതിന്റെ ഒഴുക്ക് തടഞ്ഞുനിർത്തി. അതിൽനിന്നവർ കുഞ്ഞിനെ കുടിപ്പിക്കുകയും സ്വയം ദാഹം അകറ്റുകയും ചെയ്തു.

ആ മഹതിയുടെ പാദം പതിഞ്ഞതിനാൽ സഫാ-മർവകൾക്ക് ചരിത്രത്തിൽ സ്ഥാനം ലഭിച്ചു. അവ ദൈവിക ചിഹ്നങ്ങളാവുകയായിരുന്നു. അവർ ഓടിനടന്നതുപോലെ അവക്കിടയിൽ പിൽക്കാല വിശ്വാസികൾ ഓടണമെന്ന് ദൈവം നിശ്ചയിച്ചു. അത് തനിക്കുള്ള ആരാധനയാക്കി നിശ്ചയിക്കുകയായിരുന്നു അവൻ.

ആ സംഭവത്തിന്റെ ഉടനെയാണ് യമനിൽനിന്നുള്ള ജുർഹും ഗോത്രക്കാരുടെ കച്ചവടസംഘം അതുവഴി വന്നത്. മരുഭൂമിയിൽ ഒരിടത്ത് പക്ഷികൾ വട്ടമിട്ട് പറക്കുന്നതു കണ്ട് അവർ ദൂതന്മാരെ അയച്ചു. ചെറിയ ഒരു തടാകത്തിനടുത്ത് ഒരു കുഞ്ഞും മാതാവും താമസിക്കുന്നതാണ് അവർ കണ്ടത്. ഹാജറയുടെ അനുവാദത്തോടെ അവർ അവിടെ ഇറങ്ങുകയും വെള്ളം ശേഖരിക്കുകയും ചെയ്തു.

ഈ ഉറവ കാരണമായി അതിലെ യാത്ര ചെയ്തിരുന്ന കച്ചവടസംഘങ്ങൾ അവിടെ ഇറങ്ങി താമസിക്കുകയും അതെ തുടർന്ന് അവിടെ ജനവാസം ഉണ്ടാവുകയും ചെയ്തു.



സംസമിന്റെ പഴയകാല ചിത്രം

ഹാജറാ ബീവിയെ സംബന്ധിച്ചിടത്തോളം സഫാ-മർവകൾ അവർക്ക് ഓടിയെത്താവുന്ന പരമാവധി ദൂരമായിരുന്നു. തനിക്ക് അനിവാര്യമായ ഒരു സംഗതിക്കു വേണ്ടിയാണവർ വെപ്രാളപ്പെട്ട് തിടുക്കത്തിൽ ഓടിയത്. ഹാജറയുടെ ത്യാഗപൂർണമായ ആ ഓട്ടത്തെ അനുസ്മരിപ്പിച്ചുകൊണ്ടാണ് ഹാജിമാർ സഫ-മർവകൾക്കിടയിൽ ഓടുന്നത്. നമ്മെ സംബന്ധിച്ചിടത്തോളം അടുത്തടുത്ത രണ്ടു കുന്നുകളാണെങ്കിലും ദൈവികമാർഗത്തിൽ ഏതറ്റം വരെ പോകുവാനും വിശ്വാസി ബാധ്യസ്ഥനാണെന്ന് ഈ ഓട്ടം നമ്മെ ബോധ്യപ്പെടുത്തുന്നു.

## ബലി

സംസമിന്റെ ഏതാണ്ട് അടുത്ത് കുടിൽ വെച്ചുകെട്ടി അതിലായിരുന്നു ഹാജറയും കുഞ്ഞും താമസിച്ചിരുന്നത്. ഇസ്മാഈൽ കച്ചവടസംഘങ്ങളുടെ കൂടാരങ്ങൾക്കിടയിലൂടെ കളിച്ചുനടക്കുന്നതിനിടയിലാണ് പിന്നീട് ഇബ്റാഹീം നബി അവിടേക്ക് വന്നത്. അതിനിടയിൽ കുറെ വർഷങ്ങൾ അദ്ദേഹം തന്നിൽ അർപ്പിതമായ ദൈവികദൗത്യം നിർവഹിക്കുന്നതിനായി പല നാടുകളിലും യാത്ര ചെയ്തു.




അതിനിടയിലാണ് തന്റെ എല്ലാമായ പുത്രനെ ബലിനൽകണമെന്ന് അദ്ദേഹത്തിന് സ്വപ്നദർശനമുണ്ടായത്. അതൊരു സ്വപ്നമായി തള്ളിക്കളയാൻ അദ്ദേഹത്തിന് സാധിച്ചില്ല. തന്റേതായ എല്ലാം സ്വനാഥന് അർപ്പിച്ച അദ്ദേഹം ആ സ്വപ്നവും തന്നോടുള്ള ദൈവിക കൽപനയാണെന്ന് ഉറപ്പിച്ചു.

ശരാശരി മനുഷ്യരെ സംബന്ധിച്ചിടത്തോളം രണ്ട് വികാരങ്ങൾ ഇവിടെ സ്വാധീനിച്ചേക്കാം. ഒന്ന്, താൻ കണ്ടത് ജീവിതത്തിൽ പലപ്പോഴും കണ്ടിട്ടുള്ള സ്വപ്നങ്ങളെപ്പോലെ കേവലം ഒരു സ്വപ്നം. രണ്ട്, ഏറെ കാലത്തെ പ്രാർഥനയുടെ ഫലമായി കിട്ടിയ കൺമണിയാണത്. അവന് എന്തെങ്കിലും തരത്തിലുള്ള ചെറിയ വിപത്ത് പോലും ബാധിക്കുന്നത് തനിക്ക് സഹിക്കാൻ സാധിക്കുകയില്ല. എന്നിട്ടുവേണ്ടേ ഒരു സ്വപ്നത്തിന്റെ പേരിൽ അവനെ ബലി നൽകാൻ?

പക്ഷേ, ഇബ്റാഹീം അങ്ങനെയായിരുന്നില്ല ചിന്തിച്ചത്. താൻ കണ്ട സ്വപ്നം തന്നോടുള്ള ദൈവിക കൽപനയായി അദ്ദേഹം മനസ്സിലാക്കി. ഒട്ടും അറച്ചു നിൽക്കാതെ മകനെ വിളിച്ചു വരുത്തി തനിക്കുണ്ടായ സ്വപ്നദർശനത്തെ പറ്റി വിവരിച്ചു. അവനുമുണ്ടായിരുന്നില്ല പ്രശ്നങ്ങളൊന്നും. അല്ലാഹു കൽപ്പിച്ചെങ്കിൽ അത് നടക്കട്ടെ എന്ന് ആ കുഞ്ഞ് സമ്മതം മൂളി. ഹാജറ അവനെ അത്രകണ്ട് ദൈവിക ചിന്തയിൽ പരിപാലിച്ചിരുന്നു. അവിടെ വന്നു താമസിക്കുന്ന വാണിജ്യസംഘങ്ങളുടെ ബിംബാരാധനാസംസ്കാരം അവനെ സ്വാധീനിക്കാതിരിക്കാൻ അവർ ഏറെ ശ്രദ്ധിച്ചിരുന്നു. പിന്നെ അവനെങ്ങനെ അത്തരത്തിൽ പ്രതികരിക്കാതിരിക്കും?

ആ കുടുംബത്തിലത് ഒരു ചർച്ചയായില്ല. താൻ ഏറെ സ്നേഹിക്കുന്ന ദൈവത്തിനായി സകലതും സമർപ്പിക്കുന്ന ത്യാഗിയായ ഇബ്റാഹീം ഒരു സ്വപ്നം കാണുന്നു. അത് ദൈവികമാണെന്ന് മനസ്സിലാക്കിയ മകനും ഭാര്യയും അത് ശരിവെക്കുന്നു. അത് നടപ്പിലാക്കാൻ അവർ തയാറെടുക്കുന്നു.

ഒരു ദിവസം മകനെയും കൊണ്ട് ഇബ്റാഹീം വീട്ടിൽ നിന്നകലെക്ക് നടന്നു. മിനയായിരുന്നു അവരുടെ ലക്ഷ്യം. അദ്ദേഹത്തിന്റെ കൈയിൽ മകനെ ബലിയറുക്കാനുള്ള കത്തിയുമുണ്ടായിരുന്നു. താൻ സ്നേഹിക്കുന്ന, തന്നെ ആദരിക്കുന്ന തന്റെ അല്ലാഹുവിനു വേണ്ടി തന്റെ മകനെയും സമർപ്പിക്കുകയെന്ന ഒരേയൊരു വികാരമേ അപ്പോൾ അദ്ദേഹത്തിനുണ്ടായിരുന്നുള്ളു.

കുന്നുകൾ കയറിയിറങ്ങി അവർ മുന്നോട്ടു നടന്നു.

മിനക്ക് അടുത്തെത്താറായപ്പോൾ പെട്ടെന്ന് പിശാച് അദ്ദേത്തിന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. തികഞ്ഞ ഗുണകാംക്ഷിയുടെ ഭാവത്തിൽ അവൻ പ്രവാചകരോട് പറഞ്ഞു: ഇബ്റാഹീം, ഒരു സ്വപ്നം കണ്ടതിനാണോ അങ്ങ് ഈ കുരുന്നിനെ ബലി നൽകാൻ പോകുന്നത്? അതുപോലെ ആളുകൾ എത്ര സ്വപ്നം കാണാറുണ്ട്?''

പിശാചിന്റെ കുതന്ത്രം തിരിച്ചറിഞ്ഞ ഇബ്റാഹീം അവനെ കല്ലെറിഞ്ഞാട്ടി. ഒന്നല്ല പല തവണ. (ബലിയറുത്തത് സഫയിൽ വെച്ചാണെന്നും അഭിപ്രായമുണ്ട്.)

ഇബ്റാഹീംനബി മിനയിൽ വെച്ച് പിശാചിനെ കല്ലെറിഞ്ഞത് അവൻ തന്നെ ദൈവികമാർഗത്തിൽ നിന്നും പിന്തിരിപ്പിക്കാൻ ശ്രമിച്ചതിനാലാണ്. ജംറകളിൽ പ്രസ്തുത ഏറ് അനുവർത്തിക്കുന്നതിലൂടെ ദൈവികമാർഗത്തിൽനിന്നും തന്നെ തടയുന്ന തന്റെ ദേഹേഛയെ എറിഞ്ഞാട്ടുകയാണ് ഹജ്ജ് ചെയ്യുന്നവൻ ചെയ്യുന്നത്. (ഇബ്റാഹീമിബലിയുടെ ഓർമക്കല്ല അബ്റഹത്തിനെയും കൂട്ടരെയു നശിപ്പിച്ചതിനുള്ള സ്രണയായാണ് ഈ ഏറ് എന്നും അഭിപ്രായമുണ്ട്.)

സുരക്ഷിതമെന്നു തോന്നിയ ഒരു സ്ഥലത്തിയപ്പോൾ അവിടെ വെച്ചു തന്റെ മകനെ ബലിയറുക്കാൻ ഇബ്റാഹീം തീർച്ചയാക്കി. അദ്ദേഹം തന്റെ കത്തി ഒന്നുംകൂടെ മൂർച്ച നോക്കി. പെട്ടെന്ന് അറവ് തീരണം. വേദന കൊണ്ട് അവൻ പ്രയാസപ്പെടരുത്. അതിന് കത്തിക്ക് നല്ല മൂർച്ച വേണം.

ഇബ്റാഹീം ഇസ്മാഈലിനെ മണ്ണിൽ കമിഴ്ത്തിക്കിടത്തി. മലർത്തിക്കിടത്തിയാൽ അവന്റെ ഓമനമുഖം കാണുകയും അവനെ ബലിയറുക്കാനുള്ള തന്റെ മനക്കരുത്ത് ചോർന്നു പോവുകയും ചെയ്യും എന്നു കരുതിയാണ് അങ്ങനെ ചെയ്തത്.

അദ്ദേഹം കത്തി കൈയിലെടുത്തു. ഇനി താമസമില്ല. മകനെ അറുക്കാനായി അവന്റെ കുഞ്ഞുഗളത്തിൽ കത്തി വെക്കാൻ മുതിരവേ, അല്ലാഹു അദ്ദേഹത്തെ വിളിച്ചു. ആ സംഭവം അല്ലാഹു തന്നെ നമുക്ക് വിവരിച്ചു തരുന്നതിങ്ങനെയാണ്:

''അവർ രണ്ടു പേരും തയാറായി. അദ്ദേഹം അവനെ കമിഴ്ത്തിക്കിടത്തി. അപ്പോൾ നാം വിളിച്ചു: ഓ, ഇബ്റാഹീം, നീ സ്വപ്നം സാക്ഷാത്കരിച്ചിരിക്കുന്നു. അപ്രകാരം നാം സുകൃതികൾക്ക് പ്രതിഫലം നൽകുന്നു. തീർച്ചയായും അതിൽ വലിയ പരീക്ഷണമുണ്ട്. അങ്ങനെ നാം മഹത്തായ ബലി പ്രായശ്ചിത്തമായി നൽകി. അത് പിൽക്കാലക്കാർക്ക് ബാധകമാക്കുകയും ചെയ്തു. ഇബ്റാഹീമിന് സലാം. അപ്രകാരം നാം സുകൃതികൾക്ക് പ്രതിഫലം നൽകുന്നു.''

അല്ലാഹു ഒരു ആടിനെ നൽകി ബലിയറുക്കാൻ ഇബ്റഹീം നബിയോട് ആവശ്യപ്പെട്ടു. മഹത്തായ ബലി എന്ന് അവൻ അതിനെ വിശേഷിപ്പിച്ചു. പിൽക്കാലക്കാർക്കത് ഹജ്ജിലെ നിർബന്ധ ചടങ്ങാക്കുകയും ചെയ്തു. (ആ ആടിന്റെ കൊമ്പുകൾ കഅ്ബയുടെ ചുമരിൽ ഏറെക്കാലം കെട്ടിത്തൂക്കിയിരുന്നു.)

ഇബ്റാഹീം തന്റെ മകനെ ബലിയറുക്കാൻ മുതിർന്നത് ത്യാഗത്തിന്റെയും അനുസരണത്തിന്റെയും സമർപ്പണത്തിന്റെയും ഉത്തമ മാതൃകയാണ്. ഹജ്ജിൽ പ്രസ്തുത ബലി അനുവർത്തിക്കുന്നതിലൂടെ



മിന

ഒരാൾ ദൈവികപൊരുത്തത്തിനായി തനിക്ക് പ്രിയപ്പെട്ടതെല്ലാം ബലിയ റുക്കാൻ തയാറാണെന്ന് പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്.

## കഅ്ബയുടെ നിർമാണം

ലോകത്തെ ഏകദൈവ വിശ്വാസികൾക്കു തങ്ങളുടെ നമസ്കാരങ്ങളിൽ അഭിമുഖീകരിക്കുന്നതിനായി കഅ്ബ പണിതുയർത്താൻ അല്ലഹു ഇബ്റാഹീമിനോട് കൽപ്പിച്ചു. നമസ്കരിക്കുന്നവർക്കും പ്രദക്ഷിണം ചെയ്യുന്നവർക്കും സാഷ്ഠാംഗം ചെയ്യുന്നവർക്കും അതിനെ ശുദ്ധമാക്കിവെക്കുവാനും അല്ലാഹു ആവശ്യ പ്പെട്ടു.

മുമ്പ് തന്നെ അതിന്റെ ചില അവശിഷ്ടങ്ങൾ അവിടെയുണ്ടായിരുന്നു. അതിന്റെയടുത്തായിരുന്നു ഹാജറയും ഇസ്മാഈലും താമസിച്ചിരുന്നത്. അതിന്മേൽ കഅ്ബ പണിതുയർത്തുവാനാണ് അല്ലാഹു ഇബ്റാഹീം നബിയോട് കൽപ്പിച്ചത്.

അദ്ദേഹം കഅ്ബയുടെ നിർമാണത്തിൽ ഏർപ്പെട്ടു. ഈസ്മാഈൽ കല്ലുകൾ പൊറുക്കിക്കൊടുത്തു ആ നിർമാണത്തിൽ പിതാവിനെ സഹായിച്ചു. കഅ്ബയുടെ ചുമർ കുറെ ഉയർന്നു. അദ്ദേഹം ഒരു കല്ലിൽ ചവിട്ടി നിന്നാണ് പിന്നീട് തന്റെ ജോലി പൂർത്തിയാക്കിയത്. ഈ കല്ലാണ് ഇന്ന് മഖാമു ഇബ്റാഹീം എന്ന് അറിയപ്പെട്ടത്. ഉംറയും ഹജ്ജും ചെയ്യുന്നവർ അതിനു പിന്നിൽ നിന്ന് നമസ്കരിക്കണം. അത് ദൈവിക കൽപന.



ഇബ്റാഹീം നബിയും ഇസ്മാഈലും പടുത്തുയർത്തിയ കഅ്ബയുടെ രൂപം ചിത്രകാരന്റെ ഭാവനയിൽ.

കഅ്ബയുടെ നിർമാണം പൂർത്തിയായപ്പോൾ ഇബ്റാഹീം ഇങ്ങനെ പ്രാർഥിച്ചു: ''നാഥാ, ഞങ്ങളിൽനിന്ന് ഇത് സ്വീകരിക്കേണമേ, നീ എല്ലാം കേൾക്കുന്നവനും കാണുന്നവനുമാണല്ലോ.''

## ഹജ്ജിനായുള്ള വിളി

കഅ്ബാ നിർമാണം പൂർത്തിയായപ്പോൾ ഹജ്ജിനായി വിളംബരം ചെയ്യുവാൻ അല്ലാഹു അദ്ദേഹത്തോട് കൽപ്പിച്ചു. ''നടന്നുകൊണ്ടും വിദൂരമായ സകല മലമ്പാതകളിലൂടെയും വരുന്ന എല്ലാവിധ ഒട്ടകങ്ങളുടെ പുറത്തു കയറിയും അവർ നിന്റെയടുത്ത് വന്നുകൊള്ളും.'' അദ്ദേഹം ചോദിച്ചു: എന്റെ നാഥാ, ഞാൻ എങ്ങനെയാണ് അത് വിളംബരം ചെയ്ത് ജനത്തെ കേൾപ്പിക്കുക?

അല്ലാഹു അരുളി: നീ പ്രഖ്യാപിച്ചാൽ മതി. അത് ജനങ്ങളിലേക്ക് എത്തിക്കുന്ന ചുമതല നമ്മുടേതാണ്.

ദൈവിക കൽപന മാനിച്ച് ഇബ്റാഹീം നബി ഒരിടത്ത് കയറിനിന്ന് ഉച്ചത്തിൽ ഇങ്ങനെ വിളിച്ചു പറഞ്ഞു: ജനങ്ങളേ, നിങ്ങളുടെ രക്ഷിതാവ് ഒരു ആലയം പണിതിരിക്കുന്നു. നിങ്ങൾ അതിലേക്ക് തീർഥാടനം ചെയ്യുക.''

ഈ ഗേഹമാണ് അന്നു മുതൽ അന്ത്യനാൾ വരെക്കും ഇസ്ലാമിന്റെ സാംസ്കാരിക കേന്ദ്രം. മുസ്ലിംകളുടെ ഖിബ്ല. ഹജ്ജിനായി ലോകമുസ്ലിംകൾ അവിടെ ഒരുമിച്ചു കൂടുന്നതിലൂടെ ലോക ഇസ്ലാമിക സമ്മേളനമാണ് അവിടെ നടക്കുന്നത്. ഇബ്റാഹീം നബി, ഇസ്മാഈൽ നബി, ഹാജറ എന്നിവരുടെ ത്യാഗപൂർണമായ ജീവിതത്തിന്റെ ആവർത്തനമാണ് ഹജ്ജിലൂടെ ചെയ്യുന്നത്. അവിടെ ചെയ്യുന്ന ഓരോ കർമ്മവും അവരുടെ ജീവിതത്തിൽനിന്നുള്ള ത്യാഗത്തിന്റെ മാതൃകകളാകുന്നു. അത് അവഗണിച്ചുകൊണ്ട് ഹജ്ജിന്റെ ചൈതന്യം നേടാനാകില്ല.

## ഇബ്റാഹീം നബിയുടെ ഹജ്ജ്

അല്ലാഹുവിന്റെ കൽപനപ്രകാരം ഇബ്റാഹീംനബി ഹജ്ജ് മാസങ്ങളെ ആദരണീയമാക്കുകയും ആ കാലത്ത് പരസ്പരം കലഹിക്കരുതെന്ന് ജനത്തോട് കൽപ്പിക്കുകയും ചെയ്തു.



അല്ലാഹു നിർദ്ദേശിച്ച രീതിയിൽ അദ്ദേഹവും പുത്രൻ ഇസ്മാഈലുമാണ് ആദ്യമായി ഹജ്ജ് ചെയ്തത്. ഇന്നുള്ള രീതിയിലായിരുന്നു അത്. മുസ്ദലിഫയിലെ രാപ്പാർക്കൽ, അറഫയിലെ നിറുത്തം, സഅ്യ്, ബലി, കല്ലേറ് എല്ലാം ക്രമപ്രകാരം അവർ നിർവഹിച്ചിരുന്നു. എന്നാൽ

പിൽക്കാലത്ത് ജനങ്ങൾ പല മാറ്റങ്ങളും ഹജ്ജിൽ വരുത്തി. ഇതര ജനങ്ങളിൽ പടർന്നുപിടിച്ചിരുന്ന വഴികേട് ഹജ്ജിലും പ്രകടമായി. ബിംബാരാധനക്കെതിരെ പൊരുതിയ ഇബ്റാഹീം നബിയുടെയും ഇസ്മാഈൽ നബിയുടെയും മറ്റു പുണ്യവാളന്മാരുടെയുമൊക്കെ പ്രതിമകൾ കഅ്ബയിലും പരി

സരങ്ങളിലും സ്ഥാനംപിടിച്ചു. സഫയുടെയും മർവയുടെയും മുകളിൽ പോലും അവർ പ്രതിമകളെ സ്ഥാപിച്ചിരുന്നു.

കഅ്ബയെ ത്വവാഫ്ചെയ്യുന്ന രീതി അവർക്കിടയിൽ ഉണ്ടായിരുന്നെങ്കിലും വളരെ വിചിത്രമായിരുന്നു അത്. ആണും പെണ്ണും നഗ്നരായി ആഭാസവ ചനങ്ങൾ ഏറ്റുപറഞ്ഞായിരുന്നു അവരത് നിർവഹിച്ചിരുന്നത്.

ഇബ്റാഹീം നബി പഠിപ്പിച്ച തൽബിയത്ത് അവർ മാറ്റിമറിച്ചിരുന്നു. ''ലബ്ബൈകല്ലാഹുമ്മ ലബ്ബൈക്, ലാശരീക ലക ഇല്ലാ ശരീക ഹുവ ലക തംലികുഹു വമാമലക.'' (അല്ലാഹുവേ, ഞാനിതാ ഹാജറായിരിക്കുന്നു. അല്ലാഹുവേ, ഞാനിതാ ഹാജറായിരിക്കുന്നു. നിനക്ക് നീ സ്വീകരിച്ച പങ്കുകാരനല്ലാതെ വേറെ പങ്കുകാരനില്ല. ആ പങ്കുകാരന്റെയും അവന്റെ ഉടമസ്ഥതയിലുള്ളതിന്റെയും ഉടമസ്ഥൻ നീ തന്നെയാണ്.) ഇതായിരുന്നു അവരുടെ തൽബിയത്.

ബലിമൃഗങ്ങളെ അറുത്ത് അതിന്റെ രക്തവും മാംസവും കഅ്ബയുടെ ചുമരിൽ പുരട്ടിയിരുന്നു. അത് ദൈവത്തിലെത്തിച്ചേരുമെന്നാണ് അവർ വിശ്വസിച്ചിരുന്നത്. ഏതാണ്ട് രണ്ട് നൂറ്റാണ്ട് ഈ സ്ഥിതി തുടർന്നു. പിന്നീട് പ്രവാചകൻ മുഹമ്മദ് നബിയുടെ ആഗമനത്തോടെയാണ് ഹജ്ജിനെ അതിന്റെ വിശുദ്ധരൂപത്തിൽ അല്ലാഹു വീണ്ടും പുനസ്സംവിധാനിച്ചത്.